**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5799**
**19.11.2019 ലെ മറുപടിയ്ക്ക്**

## 2013 ഏപ്രിൽ ഒന്നിനുശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ

**ചോദ്യം :**
**പ്രൊഫസർ ആബിദ് ഹുസൈൻ തങ്ങൾ**
**എം.എൽ.എ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | 2013 ഏപ്രിൽ ഒന്നിനുശേഷം സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിൽ സർവ്വീസിൽ കയറിയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | 31.03.2013 വരെ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന സർക്കാർ വകുപ്പുകളിലോ, എയ്ഡഡ് സ്ഥാപനങ്ങളിലോ/ സർക്കാരിന് കീഴിലെ വിവിധ ബോർഡ്, കോർപ്പറേഷൻ, സ്വയം ഭരണ സ്ഥാപനങ്ങളിലോ 01.04.2013 നോ അതിന് ശേഷമോ സേവനത്തിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി | സ്റ്റാറ്റ്യൂട്ടറി പെൻഷൻകാർക്കുള്ള 20 ലക്ഷം രൂപവരെയുള്ള ആനുകൂല്യം പങ്കാളിത്ത പെൻഷൻകാർക്കും ബാധകമാക്കി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സംസ്ഥാനത്തെ ജീവനക്കാർക്ക് നടപ്പിലാക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുന്ന വിഷയം പുനഃപരിശോധന സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| സി | ഇതു സംബന്ധിച്ച് നിയമിച്ച സമിതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ഡി | കേന്ദ്രസർക്കാരും കോടതികളും തീരുമാനിച്ച പങ്കാളിത്ത പെൻഷൻകാർക്കുള്ള ആനുകൂല്യം കേരളത്തിലെ ജീവനക്കാർക്കും ലഭ്യമാക്കുമോ എന്നറിയിക്കാമോ? | |

**സെക്ഷൻ ഓഫീസർ**